കേഡി ലിസ്റ്റിലുണ്ടായിരുന്നവർക്ക് പോലീസുകാരായി നിയമനം

53 (3243) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ എഴുകോൺ പോലീസ് സ്റ്റേഷനിൽ കേഡി ലിസ്റ്റിലുണ്ടായിരുന്നവർ അതേ സ്റ്റേഷനിൽ പോലീസുകാരായി വന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇവരുടെ പേരു വിവരവും വിലാസവും വെളിപ്പെടുത്താമോ ;

(ബി) പോലീസ് സേനയിലേയ്ക്ക് തെരഞ്ഞെടുക്കുന്നതിന് ഇവരുടെ പേരിൽ പോലീസ് വെരിഫിക്കേഷൻ നടത്തിയിരുന്നുവോ, ഉണ്ടെങ്കിൽ പ്രസ്തുത പോലീസ് വെരിഫിക്കേഷന്റെ വിശദവിവരം അത് അന്വേഷിച്ച പോലീസ് ഉദ്യോഗസ്ഥന്റെ പേരും പദവിയും വെളിപ്പെടുത്തുമോ ; പ്രസ്തുത പോലീസ് വെരിഫിക്കേഷനിൽ ഇവർ ഏഴുകോൺ പോലീസ് സ്റ്റേഷനിലെ കേഡിലിസ്റ്റിൽപ്പെട്ടവരാണെന്നും നിരവധി ക്രിമിനൽ കേസുകളിലും പ്രതികളായിരുന്നുവെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) റിപ്പോർട്ട് ചെയ്തിട്ടില്ലായെങ്കിൽ വസ്തു നിഷ്ഠമായ റിപ്പോർട്ട് നൽകാത്ത ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കുമോ ;

(ഡി) കേഡി ലിസ്റ്റിൽപ്പെട്ടവർ പോലീസ് സേനയിൽ തെരഞ്ഞെടുക്കപ്പെട്ടതും കേഡി ലിസ്റ്റിൽ ഉൾപ്പെട്ട പോലീസ് സ്റ്റേഷനിൽ തന്നെ ഡ്യൂട്ടിക്ക് വന്നതും സംബന്ധിച്ച് ഏത് തരത്തിലുള്ള അന്വേഷണമാണ് സർക്കാർ ഇതുവരെ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ടി. ജയപ്രകാശ്, ഷാജി എന്നിവർ പോലീസിൽ നിയമിക്കപ്പെടുന്നതിനു മുൻപ് എഴുകോൺ പോലീസ് സ്റ്റേഷനിൽ ഒരു ക്രൈം കേസിൽ പ്രതികളായിരുന്നു. 1994-ൽ ഇവരെ റൗഡി ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. ഇവരുടെ പേരിലുള്ള കേസ് 30-1-1997-ൽ കോടതി വെറുതെവിട്ടു. കേസ് വെറുതെ വിട്ടതിനുശേഷമാണ് ഇവർക്ക് എസ്.എ.പി. ബറ്റാലിയനിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം ലഭിച്ചത്. എസ്.എ.പി. ബറ്റാലിയനിലെ ചുമതലയുടെ ഭാഗമായി വിവിധ പോലീസ് സ്റ്റേഷനുകളുടെ കീഴിൽ ഇവരെ ഡ്യൂട്ടിയ്ക്ക് നിയോഗിക്കാറുണ്ട്.

പോലീസ് സർവ്വീസിൽ ആശ്രിത നിയമനം ലഭിച്ച ശ്രീ. എം. പി. ദിനേശൻ

54 (3244) ശ്രീ. ആർ. ബാലകൃഷ്ണ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിലിരിക്കെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് സർക്കാരിൽ ജോലി നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ് ;

(ബി) ഇതേ വ്യവസ്ഥകളാണോ പോലീസ് സർവ്വീസിലും പ്രാബല്യത്തിലുള്ളത് വ്യത്യാസമുണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly